LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: സർ, 23-ാം തീയതി നടക്കുന്ന സമരത്തിൽ fare wages പുതുക്കുന്നതുമാത്രമാണ് സർക്കാരിനുള്ള കാര്യം. അതുസംബന്ധിച്ച് സ്വകാര്യ ബസ് ജീവനക്കാരേയും ഇവിടെ വാടകയ്ക്ക് വാഹനങ്ങളോടിക്കുന്നവരേയും വിളിച്ച് ലേബർ ഡിപ്പാർട്ട്മെന്റാണ് ഈ കാര്യം ചർച്ചചെയ്ത് ഒരു തീരുമാന മെടുക്കേണ്ടത്. അത് എന്റെ സ്നേഹിതനായ തൊഴിൽ വകുപ്പുമന്ത്രി ചെയ്യാമെന്ന് ഏറ്റിട്ടുണ്ട്. മോട്ടോർ വ്യവസായത്തെ ബാധിക്കുന്ന കാര്യങ്ങളൊക്കെ യൂണിയനുകൾ പറഞ്ഞതനുസരിച്ച് ഇതുവരെ ചെയ്തിട്ടുണ്ട്. കഴിവില്ലാത്ത കാര്യങ്ങൾ നമുക്ക് ചെയ്യാൻ പറ്റില്ല. സമഗ്രമായ ഒരു വ്യവസായ നയമുണ്ടാകും, അതുകൊണ്ട് ദയവായി പണിമുടക്കിലേക്കും മറ്റ് കാര്യങ്ങളിലേക്കും പോകാതെ, ഈ കാര്യത്തിലൊന്നും ആർക്കും അഭിപ്രായവ്യത്യാസമില്ല, തർക്കമൊന്നുമില്ല, യോജിച്ച് ഏതു കാര്യങ്ങളും ചെയ്യുന്നതിന് ഗവൺമെന്റിന് യാതൊരു തടസ്സവുമില്ല. നമ്മൾ ആരോടാണ് പണിമുടക്കുന്നത്? ഡീസലിനെതിരായി നമ്മൾ പണിമുടക്കിയാൽ അത് കേന്ദ്രം അറിയുമോ? അപ്രായോഗികമായ കാര്യങ്ങളിൽ പണിമുടക്കിയിട്ട് എന്താണ് കാര്യം? ഇൻഷ്വറൻസ്, സ്പെയർ പാർട്ട്സ് ഇതൊന്നും നമുക്ക് ചെയ്യാവുന്ന കാര്യങ്ങളല്ല. അതുകൊണ്ട് ആർക്കും ഇതിൽ വിയോജിപ്പില്ല, കക്ഷിവ്യത്യാസമെന്യേ യോജിപ്പാണ്. അതുകൊണ്ട് പണിമുടക്കിലേയ്ക്കും മറ്റും പോകാതെ ഈ പ്രശ്നത്തിൽ കഴിയുന്നതും യോജിച്ചു മുന്നോട്ടുപോകണമെന്നാണ് എനിക്കുള്ള അഭിപ്രായം.

(3) പ്രൊഫഷണൽ കോഴ്സിനുള്ള പ്രവേശന പരീക്ഷയിൽ പ്രാദേശിക സംവരണം

ശ്രീ. എ. പി. അനിൽകുമാർ: സർ, സർക്കാരിന്റെ പ്രൊഫഷണൽ ബിരുദ കോഴ്സിനുള്ള പ്രവേശന പരീക്ഷയിൽ ചില നിബന്ധനകളിലെ അപാകതകൾ പരിഷ്കരിക്കണമെന്ന് അഭ്യർത്ഥിക്കുന്നതിനുവേണ്ടിയാണ് വിദ്യാഭ്യാസ വകുപ്പു മന്ത്രിയുടെ ശ്രദ്ധയിൽ ഞാൻ ഈ സബ്മിഷൻ കൊണ്ടുവരുന്നത്. നിലവിലുള്ള പ്രാദേശിക സംവരണം എന്നു പറയുന്നത് 15 ശതമാനമാണ്. 15 ശതമാനം വരുന്ന പ്രാദേശിക സംവരണത്തിൽ ഇപ്പോൾ വന്നിട്ടുള്ള ഒരു പുതിയ മാറ്റം, ഏതു സ്ഥാപനമാണ് ഹയർ സെക്കന്ററി വിദ്യാഭ്യാസത്തിനുവേണ്ടി ഉപയോഗിച്ചത്, ആ സ്ഥാപനം കൊടുക്കുന്ന സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ മെറിറ്റടിസ്ഥാനമാക്കി ക്കൊണ്ടാണ് മെഡിക്കൽ/എഞ്ചിനീയറിംഗ് കോഴ്സുകളിലേയ്ക്കുള്ള പ്രവേശന ത്തിനുള്ള സംവരണം തീരുമാനിക്കുന്നത്. ഇതിലെ പ്രധാനപ്പെട്ട ഒരു അപാകത മലബാറിൽ ജനിച്ചുവളർന്ന ഒരു കുട്ടി പത്താം ക്ളാസ്സ് വരെ മലബാറിൽ പഠിച്ച്, പത്താം ക്ളാസ്സ് കഴിഞ്ഞുള്ള ഹയർ സെക്കന്ററി എറണാകുളത്തോ തിരുവനന്തപുരത്തോ വന്നു പഠിച്ചു കഴിഞ്ഞാൽ, ആ കുട്ടി മലബാറിൽ ജനിച്ചു എന്നുള്ള നിലയിൽ സംവരണം ലഭിക്കാത്ത ഒരു സാഹചര്യമാണിന്നുള്ളത്.

പത്താം ക്ളാസ്സ് വരെ മലബാറിൽ പഠിക്കുകയും അതു കഴിഞ്ഞ് കോഴിക്കോടോ വയനാടോ കണ്ണൂരിലോ കാസർഗോഡോ വന്നു പഠിക്കുന്ന ഒരു വിദ്യാർത്ഥി ജനിച്ചതും വളർന്നതും മലബാറിൽ തന്നെയാണ്. പക്ഷേ ആ കുട്ടിക്ക് എറണാകുളത്തുള്ള ഏതെങ്കിലും ഹയർ സെക്കന്ററി സ്കൂളിൽ പഠിക്കേണ്ടി വന്നാൽ, തിരുവനന്തപുരത്തു പഠിക്കേണ്ടി വന്നാൽ മെഡിക്കൽ/എഞ്ചിനീയറിംഗ് പ്രവേശനത്തിനുള്ള പരിഗണനയിൽ വരുമ്പോൾ ആ കുട്ടിയെ പരിഗണിക്കുന്നത് മലബാറുകാരനായിട്ടല്ല. വളരെ വൈരുദ്ധ്യമാണിത്. ജനിച്ചുവളർന്ന നാടിന്റെ അംഗീകാരം കിട്ടാത്ത അവസ്ഥയാണ് ഇന്നുള്ളത്. അതുകൊണ്ട് നിലവിലുള്ള ഈ നിയമം മാറ്റിക്കൊണ്ട് ജനിച്ചു വളർന്ന നാടിനും സ്കൂളിനും പ്രാധാന്യം കൊടുക്കണം. അതുപോലെ മിനിമം ഹയർ സെക്കന്ററി സർട്ടിഫിക്കറ്റാണ് ഇവിടെ പ്രവേശനത്തിനു ചോദിക്കുന്നത്. അതിനു പകരം പത്താം ക്ളാസ്സ് വരെയെങ്കിലും ജനിച്ചു വളർന്ന പഴയ സ്ഥലത്താണ് പഠിച്ചിട്ടുള്ളതെങ്കിൽ അവിടെ കൊടുക്കുന്നതിനുള്ള ഒരു തീരുമാനമുണ്ടാകണം. അതിനുള്ള നടപടി ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്ത് സൂപ്പി): സർ, ബഹുമാനപ്പെട്ട ശ്രീ. എ. പി. അനിൽകുമാർ ഉന്നയിച്ച പ്രശ്നം ഒന്നുകൂടി പരിശോധിച്ചതിനുശേഷം ആവശ്യമായ ഭേദഗതി വരുത്തുന്നതാണ്. ഇപ്പോൾ കേരളത്തിനുപുറത്ത് പഠനസൗകര്യമുള്ള പ്രദേശങ്ങളിൽ യോഗ്യതാപരീക്ഷയ്ക്ക് പഠിച്ച കേരളീയനായ ഒരാൾക്ക് മുൻവർഷങ്ങളിൽ ഈ ആനുകൂല്യം ലഭിച്ചിരുന്നു. അത് നിർത്തൽ ചെയ്യുകയാണ്. അതുവഴി മലബാറിൽ പഠിച്ച വിദ്യാർത്ഥികൾക്ക് സംവരണാനുകൂല്യം നഷ്ടപ്പെടുന്നുണ്ടോ എന്ന് പരിശോധിച്ചു നോക്കിയിട്ട് ആവശ്യമായ ഭേദഗതി വരുത്താൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നു.

(4) ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ

ശ്രീ. സാജുപോൾ: സർ, ഇറിഗേഷൻ വകുപ്പിനുകീഴിൽ സംസ്ഥാനത്ത് 450 ചെറുകിട ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളാണുള്ളത്. ഇതിൽ 131 എണ്ണം എറണാകുളം ജില്ലയിലാണ്. തകർന്നു വീഴാറായ പമ്പുസെറ്റുകൾ, പ്രവർത്തന രഹിതമായ മോട്ടോർ പമ്പുകൾ, പൊട്ടിപ്പൊളിഞ്ഞ കനാലുകൾ, മണൽ വാരൽമൂലവും മറ്റും പുഴയുടെ ആഴം കൂടി പമ്പിംഗ് നടക്കാത്തതിന്റെ പ്രശ്നങ്ങൾ തുടങ്ങി നിരവധി പരാധീനതകൾ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ അഭിമുഖീകരിക്കുകയാണ്. എറണാകുളം ജില്ലയുൾപ്പെടെയുള്ള, ലക്ഷക്കണക്കിനുവരുന്ന ജനങ്ങളുടെ കുടിവെള്ളം, ജലസേചനം തുടങ്ങിയ പ്രശ്നങ്ങൾക്ക് അല്പമെങ്കിലും ആശ്വാസം തരുന്നത് ഈ പദ്ധതികളാണ്. ഇപ്പോൾ അവിടെ അറ്റകുറ്റപ്പണികൾ യാതൊന്നും നടക്കുന്നില്ല. കരാറുകാർക്ക് ഭീമമായ തുക കുടിശ്ശികയായി കൊടുത്തു തീർക്കാനുള്ളതുകൊണ്ട്

LIBRARY ARCHIVES Kerala Legislative Assembly